## മധുരമായ കുട്ടികളേ - ബാബയുടെ സഹയോഗിയായിമാറി ഈ ഇരുമ്പുയുഗമാകുന്ന പർവ്വതത്തെ സ്വർണ്ണിമയുഗമാക്കി മാറ്റണം. പുരുഷാർത്ഥം ചെയ്ത് പുതിയലോകത്തേക്ക് വേണ്ടി ഫസ്റ്റ് ക്ലാസ്സ് സീറ്റ് റിസർവ്വ് ചെയ്യണം

**ചോദ്യം:-** ബാബയുടെ കടമ എന്താണ്? ഏതൊരു കടമ പൂർത്തീകരിക്കുന്നതിനു വേണ്ടിയാണ് ബാബയ്ക്ക് വരേണ്ടി വരുന്നത്?

**ഉത്തരം:-** അസുഖമുള്ളവരും, ദുഃഖികളുമായ കുട്ടികളെ സുഖികളാക്കി മാറ്റുക, മായയുടെ കുരുക്കിൽ നിന്നും മുക്തമാക്കി അളവറ്റ സുഖം നൽകുക - ഇതാണ് ബാബയുടെ കടമ, ഇത് സംഗമയുഗത്തിൽ മാത്രമേ ബാബയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കൂ. ബാബ പറയുന്നു - ഞാൻ വന്നിരിക്കുന്നതു തന്നെ നിങ്ങളുടെ ദുഃഖത്തെ ഇല്ലാതാക്കാനാണ്, എല്ലാവരിലും കൃപ ചൊരിയാനാണ്. ഇപ്പോൾ പുരുഷാർത്ഥം ചെയ്ത് 21 ജന്മത്തേക്ക് വേണ്ടി തന്റെ ഭാഗ്യത്തെ ഉയർന്നതാക്കി മാറ്റൂ.

**ഗീതം:-** ഭോലാനാഥനിൽ നിന്നും അദ്ഭുതങ്ങൾ....

**ഓം ശാന്തി**. ഭോലാനാഥനായ ശിവഭഗവാനുവാച - ബ്രഹ്മാ മുഖകമലത്തിലൂടെ ബാബ പറയുന്നു- ഇത് വിവിധ ധർമ്മങ്ങളുടെ മനുഷ്യസൃഷ്ടിയാകുന്ന വൃക്ഷമാണ്. ഈ കൽപ്പ വൃക്ഷത്തിന്റെ, സൃഷ്ടിയുടെ ആദിമദ്ധ്യാന്ത്യത്തിന്റെ രഹസ്യമാണ് കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നത്. ഗീതത്തിലും ബാബയുടെ തന്നെ മഹിമയാണ്. ശിവബാബയുടെ ജന്മം ഇവിടെയാണ്, ബാബ പറയുന്നു ഭാരതത്തിലാണ് ഞാൻ വരുന്നത്. ശിവബാബ എപ്പോഴാണ് അവതരിച്ചിരുന്നത് എന്ന് മനുഷ്യർ അറിയുന്നില്ല. കാരണം ഗീതയിൽ കൃഷ്ണന്റെ പേരെഴുതി. ഗീത പറഞ്ഞത് ദ്വാപരയുഗത്തിലല്ലല്ലോ. ബാബ മനസ്സിലാക്കിത്തരുന്നു- കുട്ടികളേ 5000 വർഷങ്ങൾക്കു മുമ്പും ഞാൻ ഇതുപോലെ ജ്ഞാനം നൽകിയിരുന്നു. ഈ വൃക്ഷത്തിന്റെ ചിത്രത്തിലൂടെ എല്ലാവർക്കും മനസ്സിലാക്കാൻ സാധിക്കുന്നു. അതുകൊണ്ട് വൃക്ഷത്തെ നല്ല രീതിയിൽ കാണൂ. സത്യയുഗത്തിൽ ദേവീദേവതകളുടെ രാജ്യവും, ത്രേതായുഗത്തിൽ സീതാരാമന്റെ രാജധാനിയുമാണ് ഉണ്ടായിരുന്നത്. ബാബ ആദിമധ്യഅന്ത്യത്തിന്റെ രഹസ്യമാണ് മനസ്സിലാക്കിത്തരുന്നത്. കുട്ടികൾ ചോദിക്കാറുണ്ട് - ബാബാ, ഞങ്ങൾ മായയുടെ കുരുക്കിൽ എപ്പോഴാണ് അകപ്പെട്ടത്? ബാബ പറയുന്നു ദ്വാപരയുഗം മുതൽ. മറ്റുള്ള ധർമ്മങ്ങൾ അതിനുശേഷമാണ് വരുന്നത്. നമ്മൾ ഈ ലോകത്തിലേക്ക് വീണ്ടും എപ്പോൾ വരുമെന്നുള്ളത് കണക്കെടുക്കുമ്പോൾ മനസ്സിലാക്കുവാൻ സാധിക്കും. ശിവബാബ പറയുന്നു, എന്റെ കടമ നിറവേറ്റുന്നതിനായി ഞാൻ 5000 വർഷങ്ങൾക്ക് ശേഷമാണ് സംഗമ യുഗത്തിൽ വരുന്നത്. ലോകത്തിലുള്ള എല്ലാ മനുഷ്യരും ദുഃഖികളാണ്, പ്രത്യേകിച്ച് ഭാരതവാസികൾ. ഡ്രാമ അനുസരിച്ച് എനിക്ക് ഭാരതത്തെത്തന്നെ സുഖിയാക്കി മാറ്റുന്നതിനായി വരണം. കുട്ടികൾക്ക് അസുഖം ബാധിക്കുമ്പോൾ അവർക്കുള്ള മരുന്നും ചികിത്സയും നൽകുക എന്നുള്ളത് അച്ഛന്റെ കടമയാണ്. നിങ്ങളുടേത് വളരെ വലിയ അസുഖമാണ്. എല്ലാ അസുഖങ്ങളുടെയും മൂല കാരണം പഞ്ചവികാരങ്ങളാണ്. കുട്ടികൾ ചോദിക്കാറുണ്ട്, ഈ അസുഖം എപ്പോൾ മുതലാണ് ആരംഭിച്ചത്? ദ്വാപരയുഗം മുതൽ. രാവണനെക്കുറിച്ചും കുട്ടികൾ മനസ്സിലാക്കണം. രാവണനെ ആരും തന്നെ കണ്ടിട്ടില്ല. ബുദ്ധി കൊണ്ട് മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. ബാബയെയും ബുദ്ധികൊണ്ട് തിരിച്ചറിയണം. ആത്മാവിൽ മനസ്സും ബുദ്ധിയുമുണ്ട്. ആത്മാവ് മനസ്സിലാക്കുന്നു എന്റെ അച്ഛൻ പരമപിതാവായ പരമാത്മാവാണെന്ന്. സുഖ-ദുഃഖത്തിലേക്കും ആത്മാവ് വരുന്നുണ്ട്. ശരീരമുണ്ടെങ്കിലാണ് ആത്മാവിന് ദുഃഖത്തിന്റെ അനുഭൂതിയുണ്ടാകുന്നത്. ഞാനാകുന്ന പരമാത്മാവിനെ ദുഃഖിപ്പിക്കരുത് എന്ന് പറയാറില്ലല്ലോ. ബാബ മനസ്സിലാക്കിത്തരുന്നു കല്പകല്പത്തിലെ സംഗമയുഗത്തിൽ വന്ന് പാർട്ട് അഭിനയിക്കുക എന്നുള്ളതും എന്റെ പാർട്ടാണ്. ഏതു കുട്ടികളെയാണോ ഞാൻ സുഖത്തിലേക്ക് പറഞ്ഞയച്ചത് അവർ ഇപ്പോൾ ദുഃഖിയായിരിക്കുകയാണ്. അതുകൊണ്ടാണ് ഡ്രാമ അനുസരിച്ച് എനിക്ക് വരേണ്ടതായി വരുന്നത്. ബാക്കി മത്സ്യത്തിന്റെയോ, വരാഹത്തന്റെയോ അവതാരങ്ങളൊന്നും തന്നെ ബാബ എടുക്കുന്നില്ല. പരശുരാമൻ മഴു എറിഞ്ഞ് ക്ഷത്രിയരെ കൊന്നു എന്നൊക്കെ പറയാറുണ്ട്. എന്നാൽ ഇതെല്ലാം തന്നെ കെട്ടുകഥകളാണ്. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു, എന്നെ ഓർമ്മിക്കൂ.

ഇത് ജഗദംബയും ജഗത്പിതാവുമാണ്. മാതൃഭൂമി, പിതൃഭൂമി എന്നെല്ലാം പറയാറുണ്ടല്ലോ. ഭാരതവാസികൾ അങ്ങ് മാതാപിതാവാണ്...... എന്ന മഹിമ പാടി ഓർമ്മിക്കുന്നുണ്ട്. ഭഗവാന്റെ കൃപകൊണ്ട് അളവറ്റ സുഖം ലഭിക്കുന്നു. പിന്നീട് ആര് എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ അതനുസരിച്ച് ലഭിക്കുന്നു. ചിലർ

സിനിമ കാണുന്നതിനായി ഫസ്റ്റ് ക്ലാസ്സിൽ റിസർവ്വേഷൻ ചെയ്യാറുണ്ടല്ലോ. ബാബയും അതു തന്നെയാണ് പറയുന്നത്, സൂര്യവംശിയിലോ, ചന്ദ്രവംശിയിലോ സീറ്റ് റിസർവ്വ് ചെയ്യൂ. ആര് എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ അതനുസരിച്ച് ഉയർന്ന പദവിയും ലഭിക്കുന്നു. ഇപ്പോൾ എല്ലാ അസുഖങ്ങളിൽ നിന്നും നിങ്ങളെ മുക്തമാക്കുന്നതിനായാണ് ബാബ വന്നിരിക്കുന്നത്. രാവണൻ എല്ലാവർക്കും ധാരാളം ദുഃഖം നൽകി. ഒരു മനുഷ്യനും നമുക്ക് ഗതി-സദ്ഗതി നൽകുവാൻ സാധിക്കില്ല. ഇത് കലിയുഗത്തിന്റെ അന്ത്യമാണ്. ഗുരുക്കന്മാരും ശരീരം ഉപേക്ഷിച്ചു കഴിഞ്ഞാൽ പിന്നീട് ഇവിടെത്തന്നെ പുനർജന്മമെടുക്കുന്നു. പിന്നീട് അവർക്ക് എങ്ങനെ മറ്റുള്ളവരുടെ സദ്ഗതി ചെയ്യാനാവും? ലോകത്തുള്ള അനേകം ഗുരുക്കന്മാർ ഒരുമിച്ചു ചേരുകയാണെങ്കിൽ ഈ പതീതലോകത്തെ പാവനമാക്കുവാൻ സാധിക്കുമോ? ഗോവർദ്ധന പർവ്വതത്തെക്കുറിച്ച് കേട്ടിട്ടുണ്ടല്ലോ. ഈ മാതാക്കളാണ് കലിയുഗീ പർവ്വതത്തെ സത്യയുഗിയാക്കി മാറ്റുന്നത്. ഗോവർദ്ധനത്തെ പിന്നീട് പൂജിക്കുന്നുമുണ്ട്, എന്നാൽ ഇതാണ് തത്വപൂജ. സന്യാസിമാരും ബ്രഹ്മം അഥവാ തത്വത്തെ ഓർമ്മിക്കുന്നു. തത്വത്തെ പരമാത്മാവെന്നും അഥവാ ബ്രഹ്മം ഭഗവാനാണെന്നും മനസ്സിലാക്കുന്നു. ബാബ പറയുന്നു ഇതെല്ലാം തന്നെ അവരുടെ ഭ്രമമാണ്. ബ്രഹ്മാണ്ഡത്തിൽ ആത്മാക്കൾ അണ്ഡാകൃതിയിലാണ് വസിക്കുന്നത്. നിരാകാരി വൃക്ഷത്തെയും കാണിക്കുന്നുണ്ട്. ഓരോരുത്തർക്കും അവരവരുടേതായ സെക്ഷനുണ്ട്. ഭാരതത്തിലെ സൂര്യവംശി-ചന്ദ്രവംശി രാജധാനിയാണ് ഈ വൃക്ഷത്തിന്റെ അടിത്തറ. പിന്നീട് അഭിവൃദ്ധി പ്രാപിക്കുന്നു. മുഖ്യമായും നാലു ധർമ്മങ്ങളാണുള്ളത്. അപ്പോൾ ഏതെല്ലാം ധർമ്മങ്ങൾ എപ്പോഴെല്ലാമാണ് വരുന്നതെന്ന് നിങ്ങൾ കണക്കു കൂട്ടി നോക്കൂ. ഗുരുനാനാക്ക് 500 വർഷങ്ങൾക്കു മുമ്പാണ് വന്നത്. സിക്ക് ധർമ്മത്തിലുള്ളവർക്ക് ഒരിക്കലും 84 ജന്മങ്ങൾ എടുക്കുവാൻ സാധിക്കില്ല. ബാബ പറയുന്നു 84 ജന്മങ്ങൾ എടുക്കുന്നത് കേവലം നിങ്ങൾ ആൾറൗണ്ടർ ബ്രാഹ്മണരാണ്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ,നിങ്ങൾ ആൾറൗണ്ട് പാർട്ടധാരികളാണ്. നിങ്ങളാണ് ബ്രാഹ്മണർ, ദേവത, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എല്ലാ വർണ്ണത്തിലേക്കും വരുന്നത്. ആരാണോ ആദ്യമാദ്യം ദേവീദേവതകളായിത്തീരുന്നത് അവരാണ് മുഴുവൻ ചക്രത്തിലേക്ക് വരുന്നത്.

ബാബ പറയുന്നു ,നിങ്ങൾ ധാരാളം വേദശാസ്ത്രങ്ങൾ കേട്ടു വന്നു. ഇപ്പോൾ ഇതുകൂടി കേൾക്കൂ എന്നിട്ടു തീരുമാനിക്കൂ - ശാസ്ത്രത്തിൽ പറയുന്നതാണോ ശരി, ഗുരുക്കന്മാർ പറയുന്നതാണോ ശരി, അതോ എന്താണോ ബാബ കേൾപ്പിക്കുന്നത് അതാണോ ശരി. ബാബയെയാണ് സത്യം എന്നു പറയുന്നത്. ബാബ പറയുന്ന സത്യമായ വചനങ്ങളിലൂടെയാണ് സത്യയുഗം സ്ഥാപിക്കപ്പെടുന്നത്. പിന്നീട് ദ്വാപരയുഗം മുതൽക്ക് നിങ്ങൾ അസത്യമായത് കേട്ടു വന്നതിലൂടെയാണ് നരകം ഉണ്ടായത്.

ബാബ പറയുന്നു, ഞാൻ നിങ്ങളുടെ അടിമയാണ്. ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ പാടി വന്നു-ഞാൻ അടിമയാണ്, ഞാൻ അടിമയാണ്... ഇപ്പോൾ ഞാൻ കുട്ടികളുടെ സേവനം ചെയ്യാനായി വന്നിരിക്കുകയാണ്. ബാബയുടെ മഹിമയാണ് നിരാകാരി, നിർവ്വികാരി, നിരഹങ്കാരി. ബാബ പറയുന്നു, നിങ്ങൾ കുട്ടികളെ സദാ സുഖികളാക്കി മാറ്റുക എന്നത് എന്റെ കടമയാണ്. ഗീതത്തിലും പറയുന്നുണ്ട്, തടസ്സങ്ങളെ ഇല്ലാതാക്കണമെന്ന്... ബാക്കി ഇതിനുവേണ്ടി ഉടുക്ക് കൊട്ടേണ്ടതായ ആവശ്യമൊന്നുമില്ല. ഇവിടെ ആദി മദ്ധ്യ അന്ത്യത്തിന്റെ മുഴുവൻ വർത്തകളുമാണ് കേൾപ്പിച്ചു തരുന്നത്. ബാബ പറയുന്നു, നിങ്ങൾ കുട്ടികളെല്ലാവരും അഭിനേതാക്കളാണ്. ഞാൻ ഈ സമയത്ത് ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമാണ്. ഞാൻ ഈ ബ്രഹ്മാവിലൂടെയാണ് സ്ഥാപന നിർവ്വഹിക്കുന്നത്. ബാക്കി ഗീതയിൽ കേൾപ്പിക്കുന്നതു പോലെയൊന്നുമല്ല. ഇപ്പോഴത്തെതാണ് പ്രാക്ടിക്കലായ കാര്യങ്ങൾ. കുട്ടികൾക്ക് ഇപ്പോഴാണ് ബാബ സഹജമായ ജ്ഞാനം കേൾപ്പിക്കുന്നത്, രാജയോഗം പഠിപ്പിക്കുന്നത്. യോഗം പഠിപ്പിക്കുവാനും, സഞ്ചി നിറയ്ക്കുവാനും, അസുഖത്തെ ഇല്ലാതാക്കാനും...... ഗീതത്തിന്റെയും പൂർണ്ണമായ അർത്ഥത്തെക്കുറിച്ച് മനസ്സിലാക്കണം. യോഗം പഠിപ്പിക്കുക മാത്രമല്ല, പഠിപ്പിക്കാനായി കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നുമുണ്ട്. കുട്ടികൾ യോഗം പഠിച്ച് മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുന്നുമുണ്ട്. പറയുന്നു, യോഗത്തിലൂടെ നമ്മുടെ ജ്യോതിയെ പ്രകാശിപ്പിക്കുന്നവനേ... ഇങ്ങനെയുള്ള ഗീതങ്ങൾ വീട്ടിലിരുന്നുകൊണ്ട് കേൾക്കുകയാണെങ്കിൽ മുഴുവൻ ദിവസവും ജ്ഞാനം ബുദ്ധിയിൽ കറങ്ങിക്കൊണ്ടിരിക്കുന്നു. ബാബയുടെ സ്മൃതിയിലൂടെ സമ്പത്തിന്റെ ലഹരിയും ഉണ്ടാകുന്നു. കേവലം പരമാത്മാ അല്ലെങ്കിൽ ഭഗവാൻ എന്നു പറയുന്നതിലൂടെ മുഖം മധുരിക്കില്ല. അച്ഛൻ അർത്ഥം സമ്പത്ത്.

ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയിൽ നിന്നും ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം കേട്ട് പിന്നീട് മറ്റുള്ളവർക്ക് കേൾപ്പിച്ചു കൊടുക്കുന്നു. ഇതിനെയാണ് ശംഖധ്വനിയെന്നു പറയുന്നത്. നിങ്ങളുടെ കൈയ്യിൽ പുസ്തകങ്ങളൊന്നുമില്ല. കുട്ടികൾക്ക് ഈ കാര്യങ്ങളെല്ലാം തന്നെ ധാരണ ചെയ്യേണ്ടതായിട്ടുണ്ട്. നിങ്ങൾ സത്യമായ ആത്മീയ ബ്രാഹ്മണനാണ്. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾ. സത്യമായ ഗീതയിലൂടെയാണ് ഭാരതം സ്വർഗ്ഗമായിത്തീരുന്നത്. മറ്റുള്ളവർ കേവലം കഥകൾ ഉണ്ടാക്കിയിരിക്കുകയാണ്. നിങ്ങൾ പാർവ്വതിമാർക്കാണ് ബാബ അമരകഥ കേൾപ്പിക്കുന്നത്. നിങ്ങളെല്ലാവരും ദ്രൗപദിമാരുമാണ്. സത്യയുഗത്തിൽ വികാരങ്ങളുണ്ടാകില്ല. അപ്പോൾ അവിടെ കുട്ടികളെങ്ങനെ ജന്മമെടുക്കുമെന്നുള്ളത്

മറ്റുള്ളവർ ചോദിക്കും. ദേവതകൾ നിർവ്വികാരികളാണ് അവിടെ വികാരത്തിന്റെ കാര്യങ്ങൾ എങ്ങനെയുണ്ടാകും? യോഗബലത്തിലൂടെ കുട്ടികൾ എങ്ങനെയുണ്ടാകുമെന്നുള്ളത് അവർക്കറിയില്ലല്ലോ! അപ്പോൾ നിങ്ങളോട് അവർ തർക്കിക്കുമായിരിക്കും. എന്നാൽ ഇതെല്ലാം തന്നെ ശാസ്ത്രങ്ങളിൽ പോലും എഴുതപ്പെട്ടിട്ടുള്ള കാര്യങ്ങളാണ്. സത്യയുഗം സമ്പൂർണ്ണമായ നിർവ്വികാരി ലോകമാണ്. ഇത് വികാരി ലോകമാണ്. ബാബക്കറിയാം ഡ്രാമ അനുസരിച്ച് മായ നിങ്ങളെ വീണ്ടും ദുഃഖിയാക്കി മാറ്റുക തന്നെ ചെയ്യും. ഞാൻ കല്പകല്പം എന്റെ കടമ നിറവേറ്റുന്നതിനുവേണ്ടി വരുന്നു. കല്പം മുമ്പുള്ള അതേ നഷ്ടപ്പെട്ട് വീണ്ടുകിട്ടിയ കുട്ടികൾ മാത്രമേ സമ്പത്തെടുക്കുവാനായി വരുകയുള്ളൂ എന്ന് ബാബയ്ക്കറിയാം. അവരുടെ അടയാളങ്ങളും കാണപ്പെടുമല്ലോ. ഇത് അതേ മഹാഭാരതയുദ്ധമാണ്. നിങ്ങൾക്ക് വീണ്ടും ദേവീദേവത അഥവാ സ്വർഗ്ഗത്തിന്റെ അധികാരിയായിത്തീരുന്നതിനായുള്ള പുരുഷാർത്ഥം ചെയ്യണം. ഇതിൽ സ്ഥൂലമായ യുദ്ധത്തിന്റെ കാര്യം തന്നെ വരുന്നില്ല. അസുരന്മാരുടെയും, ദേവന്മാരുടെയും യുദ്ധത്തിന്റെ കാര്യം തന്നെയില്ല. സത്യയുഗത്തിൽ മായയുണ്ടെങ്കിലല്ലേ യുദ്ധമുണ്ടാകൂ. അരകല്പം യുദ്ധമില്ല, അസുഖങ്ങളില്ല, ദുഃഖമോ അശാന്തിയോ ഇല്ല. അവിടെ സദാ സുഖം മാത്രമേയുള്ളൂ വസന്തം തന്നെ വസന്തമാണ്. ആശുപത്രികളൊന്നുമുണ്ടാകില്ല, സ്കൂളിൽ പഠിക്കേണ്ടതായി തന്നെ വരും. ഇപ്പോൾ നിങ്ങൾ ഓരോരുത്തരും ഇവിടെ നിന്നും സമ്പത്ത് നേടിയാണ് അങ്ങോട്ട് പോകുന്നത്. മനുഷ്യർ പഠിപ്പിലൂടെയാണല്ലോ തന്റെ സ്വന്തം കാലിൽ ജീവിക്കാൻ പഠിക്കുക. ഇതിൽ ഒരു കഥയുമുണ്ട് – ആരോ ചോദിച്ചു നിങ്ങൾ ആരുടേതാണ് അനുഭവിക്കുന്നത്? ഞാൻ എന്റെ ഭാഗ്യത്തിലുള്ളതാണ് അനുഭവിക്കുന്നതെന്ന് മറുപടി പറഞ്ഞു. അത് പരിധിയ്ക്കുള്ളിലുള്ള ഭാഗ്യമാണ്. ഇപ്പോൾ നിങ്ങൾ പരിധിയില്ലാത്ത ഭാഗ്യമാണ് ഉണ്ടാക്കികൊണ്ടിരിക്കുന്നത്. നിങ്ങൾ ഇപ്പോഴുണ്ടാക്കുന്ന ഭാഗ്യത്തിലൂടെ 21 ജന്മത്തേക്ക് രാജ്യഭാഗ്യം നേടുന്നു. ഇത് പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്താണ്. ഭാരതം ആദ്യം എത്ര സുഖിയായിരുന്നു എന്നാൽ ഇപ്പോൾ അതിന്റെ അവസ്ഥ എന്തായിത്തീർന്നിരിക്കുന്നു എന്നതിലുള്ള വ്യത്യാസത്തെക്കുറിച്ച് ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കും. ആരാണോ കല്പം മുമ്പ് രാജ്യഭാഗ്യം നേടിയിട്ടുള്ളത് അവരാണ് ഇപ്പോഴും നേടുക. ഡ്രാമയിൽ എന്തുണ്ടോ അതു ലഭിക്കുമെന്നു ചിന്തിക്കുകയാണെങ്കിൽ വിശന്നു മരിക്കേണ്ടതായി വരും. ഡ്രാമയുടെ ഈ രഹസ്യത്തെക്കുറിച്ച് പൂർണ്ണമായും മനസ്സിലാക്കണം. ശാസ്ത്രങ്ങളിൽ ചിലർ ലക്ഷക്കണക്കിനു വർഷങ്ങളുണ്ടെന്നു പറഞ്ഞു, മറ്റുചിലർ കോടിക്കണക്കിനു വർഷങ്ങളെന്നു പറഞ്ഞു. അനേകാനേകം മതങ്ങളാണ്. ചിലർ പറയാറുണ്ട് ഞങ്ങൾ സുഖികൾ തന്നെയാണെന്ന്. എന്താ അവർക്ക് അസുഖങ്ങളൊന്നും തന്നെ വരാറില്ലേ. സന്യാസിമാർ പറയുന്നു, രോഗങ്ങളെല്ലാം തന്നെ ശരീരത്തിനാണുണ്ടാകുന്നത്. ആത്മാവ് നിർലേപമാണ്. മുറിവു പറ്റുകയാണെങ്കിൽ ദുഃഖമുണ്ടാകുന്നത് ആത്മാവിനാണല്ലോ–ഇതെല്ലാം തന്നെ വളരെയധികം മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. ഈ വിദ്യാലയത്തിൽ ഒരേയൊരു ടീച്ചറാണ് നിങ്ങളെ പഠിപ്പിക്കുന്നത്. ഇതു മാത്രമാണ് ജ്ഞാനം. നരനിൽ നിന്നും നാരായണനായിത്തീരുന്നതിനുള്ള ഒരേയൊരു ലക്ഷ്യമാണ്. ആരാണോ തോൽക്കുന്നത് അവർ ചന്ദ്രവംശിയിലേക്കു വരുന്നു. എപ്പോഴാണോ ദേവതകളുണ്ടായിരുന്നത് അപ്പോൾ ക്ഷത്രിയർ ഉണ്ടായിരുന്നില്ല. എപ്പോഴാണോ ക്ഷത്രിയർ ഉണ്ടായിരുന്നത് അപ്പോൾ വൈശ്യർ ഉണ്ടായിരുന്നില്ല. വൈശ്യർ ഉണ്ടായപ്പോൾ ശൂദ്രന്മാരും ഉണ്ടായിരുന്നില്ല. ഇതെല്ലാം തന്നെ മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. മാതാക്കൾക്ക് അതി സഹജമാണ്. ഒരേയൊരു പരീക്ഷയാണുള്ളത്. വൈകിവരുന്നവർക്ക് എങ്ങനെ പഠിക്കാൻ സാധിക്കാനാകുമെന്ന് വിചാരിക്കരുത്. എന്നാൽ ഇപ്പോൾ പ്രത്യക്ഷത്തിൽ നോക്കുകയാണെങ്കിൽ പുതിയവരാണ് വളരെ തീവ്രഗതിയിൽ മുന്നേറിക്കൊണ്ടിരിക്കുന്നത്. ബാക്കി മായാ രാവണന് രൂപമൊന്നുമില്ല, ഇവരിൽ കാമത്തിന്റെ ഭൂതമുണ്ടെന്നു പറയുമെങ്കിലും രാവണന് രൂപമോ, ശരീരത്തിന്റെ ആകൃതിയോ ഒന്നും തന്നെയില്ല.

ശരി, എല്ലാത്തിന്റെയും സാക്രീനാണ് മന്മനാഭവ. പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ ഈ യോഗാഗ്നിയിലൂടെ നിങ്ങളുടെ വികർമ്മങ്ങളെല്ലാം തന്നെ നശിക്കുന്നു. ബാബ വഴികാട്ടിയായി വരുന്നു. ബാബ പറയുന്നു–കുട്ടികളേ, ഞാൻ സന്മുഖത്ത് നിങ്ങൾ കുട്ടികളെ പഠിപ്പിക്കുകയാണ്. കല്പകല്പത്തിലുള്ള എന്റെ കടമ നിറവേറ്റുകയാണ്. പാരലൗകിക അച്ഛൻ പറയുന്നു ഞാൻ എന്റെ കടമ നിറവേറ്റുന്നതിനായാണ് വരുന്നത് – നിങ്ങൾ കുട്ടികളുടെ സഹയോഗത്തിലൂടെ. സഹായം നൽകും അപ്പോൾ തന്നെയല്ലേ ഉയർന്ന പദവി നേടാൻ നിങ്ങൾക്ക് സാധിക്കുന്നത്. ഞാൻ എത്ര വലിയ അച്ഛനാണ്. എത്ര വലിയ യജ്ഞമാണ് രചിച്ചത്. ബ്രഹ്മാമുഖവംശാവലികളായ നിങ്ങൾ ബ്രാഹ്മണ–ബ്രാഹ്മണിമാർ സഹോദരി –സഹോദരന്മാരാണ്. സഹോദരി സഹോദരനായാൽ ഭാര്യാ–ഭർത്തൃ ദൃഷ്ടി പരിവർത്തിതമാകും. ബാബ പറയുന്നു ഈ ബ്രാഹ്മണ കുലത്തെ കളങ്കപ്പെടുത്തരുത്. ഇതാണ് പവിത്രമായിരിക്കുന്നതിനുള്ള യുക്തികൾ. മനുഷ്യർ പറയുന്നു ഇതെങ്ങനെ സംഭവിക്കും? ഒരുമിച്ചിരുന്നുകൊണ്ടും എങ്ങനെ അഗ്നി ബാധിക്കാതിരിക്കും! ബാബ പറയുന്നു, മദ്ധ്യത്തിൽ ജ്ഞാനത്തിന്റെ വാൾ വെക്കുന്നിതിലൂടെ ഒരിക്കലും അഗ്നി ബാധിക്കില്ല. എന്നാൽ രണ്ടു

പേരും മന്മനാഭവയായിരിക്കണം, ശിവബാബയുടെ ഓർമ്മയുണ്ടായിരിക്കണം, സ്വയത്തെ ബ്രാഹ്മണനെന്നു മനസ്സിലാക്കണം. മനുഷ്യർ ഈ കാര്യങ്ങളൊന്നും മനസ്സിലാക്കാത്തതുകൊണ്ടാണ് പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്, ഈ ആക്ഷേപങ്ങളും സഹിക്കേണ്ടതായി വരുന്നു. കൃഷ്ണനെ ഒരിക്കലും ആർക്കും ആക്ഷേപിക്കാൻ സാധിക്കില്ല. കൃഷ്ണൻ നേരിട്ടങ്ങനെ ഇറങ്ങി വരുകയാണെങ്കിൽ വിദേശത്തു നിന്നും എല്ലാവരും വിമാനത്തിൽ പറന്നെത്തും. വളരെ വലിയ തിരക്കുണ്ടാകും. അപ്പോൾ ഭാരതത്തിന്റെ അവസ്ഥ എന്തായിത്തീരുമെന്നറിയില്ല.

ശരി, ഇന്ന് ഭോഗ് ദിവസമാണ്. ഇതാണ് പിതൃഗൃഹം അതാണ് ഭർത്തൃഗൃഹം. സംഗമത്തിലാണ് കൂടിക്കാഴ്ച. ചിലർ ഇത് മായാജാലമെന്നു കരുതുന്നു. ഈ സാക്ഷാത്കാരങ്ങൾ എന്താണെന്നുള്ളത് ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്. ഭക്തിമാർഗ്ഗത്തിൽ എങ്ങനെയാണ് സാക്ഷാത്കാരങ്ങൾ ഉണ്ടാകുന്നത്, ഇതിൽ സംശയം പാടില്ല. ഇതാണ് രീതിയും സമ്പ്രദായവും. ശിവബാബയുടെ ഭണ്ഡാരമാണെങ്കിൽ തീർച്ചയായും ബാബയെ ഓർമ്മിച്ച് ഭോഗ് വെക്കുകതന്നെ വേണം. യോഗത്തിലിരിക്കുന്നത് നല്ലതു തന്നെയാണ്. ബാബയുടെ ഓർമ്മ ഉണ്ടായിരിക്കും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സ്വയത്തെ ബ്രഹ്മാമുഖവംശാവലിയെന്നു മനസ്സിലാക്കി പക്കാ ബ്രാഹ്മണനായിത്തീരണം. ഒരിക്കലും തന്റെ ഈ ബ്രാഹ്മണകുലത്തെ കളങ്കപ്പെടുത്തരുത്.

2) ബാബയ്ക്കു സമാനം നിരാകാരി, നിർവികാരി, നിരഹങ്കാരിയായി മാറി തന്റെ കടമകളെ നിറവേറ്റണം. ആത്മീയ സേവനത്തിൽ തൽപരരായിരിക്കണം.

## വരദാനം-സ്നേഹത്തിന്റെ ശക്തിയിലൂടെ മായയുടെ ശക്തിയെ സമാപ്തമാക്കുന്ന സമ്പൂർണ്ണജ്ഞാനിയായി ഭവിക്കട്ടെ.

സ്നേഹത്തിൽ അലിഞ്ഞുചേരുന്നതുതന്നെയാണ് സമ്പൂർണ്ണമായ ജ്ഞാനം.സ്നേഹം ബ്രാഹ്മണജൻമത്തിന്റെ വരദാനമാണ്.സംഗമയുഗത്തിൽ സ്നേഹസാഗരൻ സ്നേഹത്തിന്റെ രത്നങ്ങളും ,മുത്തുകളും തളിക നിറച്ച് തന്നുകൊണ്ടിരിക്കുന്നുണ്ട്.അതിനാൽ താങ്കൾ സ്നേഹസമ്പന്നരായി മാറൂ.സ്നേഹത്തിന്റെ ശക്തിയിലൂടെ പരിതസ്ഥിതിയാകുന്ന പർവതത്തെ പരിവർത്തനം ചെയ്യുമ്പോൾ അവ വെള്ളത്തെപ്പോലെ ഭാരരഹിത മായി മാറും .മായയുടെ എത്രവലിയ ഭയാനകവും,റോയലുമായ രൂപങ്ങളെ നേരിടേണ്ടി വരുമ്പോഴും സെക്കന്റിൽ സ്നേഹത്തിന്റെ സാഗരത്തിൽ അലിഞ്ഞുചേരൂ.അപ്പോൾ സ്നേഹത്തിന്റെ ശക്തിയിലൂടെ മായയുടെ ശക്തികൾ സമാപ്തമാകും.

## സ്ലോഗൻ - ശരീരം- മനസ്സ്- ധനം,മനസ്സ് -വാക്ക്-കർമ്മം എന്നിവയിലൂടെ ബാബയുടെ കർത്തവ്യങ്ങളിൽ സദാ സഹയോഗം നൽകുന്നവർ തന്നെയാണ് യോഗികൾ.